കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**

**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

**സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505**

Email: kgbeumpm@gmail.com, visit:www.kgbeuou.com


സർക്കുലർ 18/2022

15.11.2022

# ചോയ്സിനു വേണ്ടി വിടുപണി ചെയ്യുന്നവർ

ബാങ്കിന്റെ ആരോഗ്യത്തെ കാർന്നുതിന്നുന്ന ബാങ്ക് അഷ്വറൻസ് ഇടപാടുകളെക്കുറിച്ചാണ് പറയാനുള്ളത്. ഒരു പാട് ത്യാഗധനരായ ജീവനക്കാരുടെ ആത്മാർത്ഥമായ പ്രവർത്തനം കൊണ്ട് കേരളീയ സമൂഹത്തിൽ ശ്രദ്ധേയമായ സ്ഥാനം നേടിയെടുത്ത സ്ഥാപനമാണ് നമ്മുടേത്. ഒരു കാലത്ത് ഇന്ത്യയിലെ ഏറ്റവും മികച്ച ഗ്രാമീണ ബാങ്ക് എന്ന ഖ്യാതിയും നമുക്ക് സ്വന്തമായിരുന്നു. മികവുറ്റ തൊഴിൽശക്തിയും അനുകൂലമായ സാമൂഹ്യ സാഹചര്യങ്ങളുമാണ് അതിന് നമ്മെ പ്രാപ്തരാക്കിയത്. ബാങ്കിന്റെ അസ്തിവാരമുറപ്പിക്കുകയും വളർച്ചയുടെ വൻ കുതിച്ചു ചാട്ടത്തിന് നിമിത്തമാവുകയും ചെയ്ത ആദ്യകാലജീവനക്കാരിൽ ഏറിയ പങ്കും ബാങ്കിൽ നിന്ന് റിട്ടയർ ചെയ്തു കഴിഞ്ഞു. ബാങ്കിലേക്ക് പുതുതായി കടന്നു വന്ന യുവതലമുറയും സംശയരഹിതമായും സ്ഥാപനത്തോടുള്ള കൂറു കാണിക്കുന്നവരും തൊഴിൽ ശേഷി സ്ഥാപനത്തിന്റെ നന്മക്കായി വിനിയോഗിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നവരുമാണ്. ദൗർഭാഗ്യവശാൽ എന്താണ് നമ്മുടെ മാനേജ്മെൻറിന്റെ അവസ്ഥ? വിശദീകരണം ആവശ്യമില്ലാത്ത വിധം കെടുകാര്യസ്ഥതയുടെ മൂർത്തീഭാവങ്ങളും തങ്ങളുടെ ഹ്രസ്വകാല കരിയർ മോഹങ്ങൾക്കായി സ്ഥാപനത്തെ ബലി കൊടുക്കാൻ മനസ്സാക്ഷിക്കുത്തേതുമില്ലാത്തവരെന്ന് നിരന്തരം തെളിയിച്ചു കൊണ്ടിക്കുന്നവരുമാണ് അവർ. അതിന്റെ ഭാഗം തന്നെയാണ് ഇൻഷുറൻസ് ബിസിനസ്സുമായി ബന്ധപ്പെട്ട് നിരന്തരമായി ജീവനക്കാർക്കു നേരെയുള്ള കടന്നുകയറ്റങ്ങളും.

ബാങ്ക് അഷ്വറൻസ് ഒരു കൊലച്ചോറാണ്. നമ്മുടെ പ്രിയപ്പെട്ട സ്ഥാപനത്തെ നിലനിർത്തുന്ന ഇടപാടുകാരെ താല്ക്കാലിക ലാഭത്തിനു വേണ്ടി ഒറ്റുകൊടുക്കുന്ന പ്രവൃത്തി. നമ്മുടെ ബിസിനസ്സിനുതകുന്ന നിക്ഷേപങ്ങളെ മറ്റൊരു തരം ബിസിനസ് നടത്തുന്ന സ്ഥാപനത്തിന് മറിച്ചുനൽകുന്നതിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ കടയ്ക്കൽ തന്നെയാണ് കത്തി വെക്കുന്നത്. ഒരു കാലത്ത് ഇന്ത്യയിൽ സാമാന്യം മികച്ച വേതന ഘടനയും തൊഴിൽ സാഹചര്യവും നിലനിന്നിരുന്ന സ്ഥാപനങ്ങളായിരുന്നു പൊതുമേഖലാ ബാങ്കുകൾ. എന്നാൽ കുറച്ചു വർഷങ്ങളായി അവസ്ഥ ഇതിന് നേർ വിപരീതമാണ്. തൊഴിൽ അന്തരീക്ഷവും വേതന ഘടനയും മഹാ മോശം. ബാങ്കുകളെ നഷ്ടത്തിലേക്ക് തള്ളിവിട്ടതിന്റെ പ്രധാന കാരണം വർദ്ധിക്കുന്ന കിട്ടാക്കടങ്ങളാണ്. റിപ്പോർട്ട് ചെയ്യപ്പെട്ട ബാങ്ക് തട്ടിപ്പുകളുടെ എണ്ണം 2010ൽ 4669 ആയിരുന്നെങ്കിൽ 2022 ൽ അത് 9103 ആയി 'വളർന്നിരി'ക്കുന്നു. ദിവാൻ ഹൗസിംഗ് ഫിനാൻസും, നീരവ് മോഡിമാരും സ്വതന്ത്രരായി വിഹരിക്കുമ്പോൾ അത്തരം കൊള്ളക്കാരിൽ നിന്ന് പൊതുമുതൽ തിരിച്ചുപിടിച്ച് ബാങ്കുകളുടെ വരുമാനത്തിലേക്ക് മുതൽക്കൂട്ടുന്നതിനു പകരം ഇടപാടുകാരെ ഇൻഷുറൻസ് കമ്പനികൾക്ക് ഒറ്റുകൊടുക്കുന്നതിലൂടെ നേടുന്ന താല്കാലിക വരുമാനവും, ഷൈലോക്കിനെ പോലും നാണിപ്പിക്കുന്ന സർവീസ് ചാർജുകളും കൊണ്ട് ഓട്ടയടക്കാമെന്ന കണക്കുകൂട്ടൽ പൊൻമുട്ടയിടുന്ന താറാവിന്റെ കഴുത്തിൽ കത്തിവെയ്ക്കലാണ്. കഴിഞ്ഞ വർഷത്തെ നമ്മുടെ ബാങ്കിന്റെ വളർച്ച പിന്നോട്ടാണ് എന്ന പേടിപ്പിക്കുന്ന യാഥാർത്ഥ്യം നമ്മുടെ മനസ്സിലുണ്ടാവണം (നിക്ഷേപങ്ങൾക്ക് നൽകിയ Cost on deposit ഉം വായ്പകളുടെ Yield on Advances ഉം കണക്കിലെടുത്താൽ). നമ്മുടെ ബാങ്കിലും ഇൻഷുറൻസിലേക്ക് ഇടപാടുകാരെ ഒറ്റുകൊടുക്കുന്ന പ്രവണത ചെറിയ തോതിൽ പല സമ്മർദ്ദങ്ങൾക്ക് വഴങ്ങി കൂടിവരുന്നു. ഇന്ത്യയിലെ ആകെ ഇൻഷുറൻസ് ബിസിനസിൽ ഒരു ശതമാനത്തിൽ താഴെ മാത്രം മാർക്കറ്റ് ഷെയറുള്ള, ക്ലെയിം സെറ്റിൽമെൻറ് റേറ്റ് വളരെ താഴെയുള്ള ചോയ്സ് പോലെ ഒരു കമ്പനിയുടെ പിണിയാളുകളായി അധ:പതിക്കരുത് ഗ്രാമീണ ബാങ്കിലെ ആത്മാഭിമാനമുള്ള തൊഴിലാളികൾ. മസൂറിയിൽ ഉല്ലാസയാത്രക്കു പോയി ആർത്തുല്ലസിക്കുന്നവർ തല നീട്ടിക്കൊടുക്കുന്നത് ആപത്തിലേക്കാണ്. ഫെഡറൽ ബാങ്കിന് RBI 5.72 കോടി പിഴ ചുമത്തിയതായി വാർത്ത വന്നിട്ടുണ്ട്. ഇൻഷുറൻസ് ഏജൻസി സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ഇൻഷുറൻസ് കമ്പനി യാതൊരു പ്രോത്സാഹനവും, അത് പണമായോ അല്ലാതെയോ നൽകുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിൽ ബാങ്ക് പരാജയപ്പെട്ടെന്ന് ചൂണ്ടിക്കാട്ടിയാണ് RBI പിഴ ഈടാക്കിയിരിക്കുന്നത്. ഇത് നമ്മുടെ ബാങ്കിലേക്കും നീളും. 'ഇപ്പോൾ ചിരിക്കുന്നവർ ഭയങ്കരമായ വാർത്തകൾ കേൾക്കാനിരിക്കുന്നതേയുള്ളു' എന്ന കവിവാക്യം മാനേജ്മെന്റിനെ ഓർമ്മിപ്പിക്കുന്നു.

നോക്കൂ, ഇരുപത്തഞ്ച് ശതമാനം വരെയാണ് ചോയ്സിൽ ചേരുമ്പോൾ upfront ആയി ബാങ്കിന് അവർ നൽകുന്ന കമ്മീഷൻ. പിന്നെ ക്രിസ്തുമസ്, ന്യൂ ഇയർ, ദീപാവലി തുടങ്ങിയ ആഘോഷവേളകളിലെല്ലാം നൽകുന്ന ഉപഹാരങ്ങൾ, ബാങ്കിന്റെ വിവിധ മീറ്റിംഗുകൾ സ്പോൺസർ ചെയ്യുന്നതിനുള്ള ചെലവുകൾ, സ്വദേശത്തും വിദേശത്തും നടത്തുന്ന ഉല്ലാസ യാത്രകൾ ഇവക്കെല്ലാം കണ്ടെത്തുന്ന പണം അതിൽ നിക്ഷേപിച്ചവരുടേതാണ്. ഈ ചെലവുകൾക്കും അവരുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കും ശേഷം ഒരാളുടെ പേരിൽ സ്വീകരിക്കുന്ന

karline29.deviantart

തുകയുടെ എത്ര ശതമാനം നിക്ഷേപിക്കാനുണ്ടാവും. പരമാവധി 60 മുതൽ 65 ശതമാനം വരെ? അവർ നിക്ഷേപിച്ച നിലയിലേക്ക് ആ തുക വളരണമെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ എത്ര വർഷം എടുക്കും? അപ്പോൾ എന്താണ് ഇവരുടെ ബിസിനസ്സിന്റെ രഹസ്യം? ബാങ്കുകളിൽ വായ്പക്കെത്തുന്ന ഇടപാടുകാർക്ക് വായ്പ നൽകുന്നതിനുള്ള ഒരു pre condition ആയി ഇൻഷുറൻസിൽ ചേരണം എന്ന് മാനേജർ ആവശ്യപ്പെടുകയാണ്. നമ്മുടെ ബാങ്കിലെ ചില മാനേജർമാരും ഇക്കാര്യത്തിൽ മോശമല്ല (ഇതിന്റെ അത്യാവശ്യം വേണ്ട തെളിവുകൾ നാം ശേഖരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട അധികാരികൾക്ക് ആവശ്യമായ ഘട്ടത്തിൽ അത് കൈമാറും). ഇങ്ങനെ ചേരുന്ന പോളിസികളിൽ അടുത്ത വർഷം സ്വാഭാവികമായും അടവുമുടങ്ങുകയും പോളിസി ലാപ്സാവുകയും ആദ്യ ഗഡു ഏകദേശം മുഴുവനായും കമ്പനി കൈക്കലാക്കുകയും ചെയ്യുന്നു. ഇവരുടെ ലാഭത്തിന്റെ പ്രധാന പങ്ക് ഇങ്ങനെ ഇടപാടുകാരെ വഞ്ചിച്ച് സമാഹരിക്കുന്നതാണ്. നമ്മുടെ ഒരു ഇടപാടുകാരി ഇത്തരം ഒരു തട്ടിപ്പിനിരയായതിനാൽ പരാതിയുമായി വന്നിട്ടുണ്ട്. പലരും പരാതിയുമായി വരാത്തത് അത് മാനേജർക്ക് നൽകുന്ന കൈക്കൂലിയായി കണക്കാക്കുന്നതിനാലാണ്.

ചോയ്സ് പിടിച്ചതിന്റെ പേരിൽ നടത്തുന്ന ഉല്ലാസയാത്രകളെ ട്രെയിനിംഗ് എന്ന ഓമനപ്പേരിലാണ് വിളിക്കുന്നത്. ഇതിന് പിന്നിലെ അനാരോഗ്യ പ്രവണതകളും തുറന്ന് കാട്ടേണ്ടതുണ്ട്. ഈ വർഷം നടത്തിയ ഇത്തരം ഒരു വിദേശ ട്രെയിനിംഗിൽ വിരമിച്ച ജീവനക്കാരനെ പങ്കെടുപ്പിക്കാൻ പോലും ബാങ്ക് തുനിഞ്ഞു എന്നത് എത്രത്തോളം കുത്തഴിഞ്ഞതാണ് നമ്മുടെ അഡ്മിനിസ്ട്രേഷൻ എന്നതിന്റെ നഗ്നമായ ഉദാഹരണമാണ്. ബന്ധപ്പെട്ട റെഗുലേറ്റർമാരെ ഇക്കാര്യം തെളിവു സഹിതം അറിയിക്കാനും നാം തീരുമാനിച്ചിട്ടുണ്ട്.

ഇൻഷുറൻസ് ബിസിനസ് ബാങ്കു ജീവനക്കാരുടെ പണിയല്ല. കാര്യ ഗൗരവമുള്ള മുൻ മാനേജ്മെൻറിനെ ഇക്കാര്യം കാര്യകാരണസഹിതം ബോധിപ്പിച്ചതിനെ തുടർന്ന് നമ്മളുമായി എഴുതി ഒപ്പിട്ട കരാർ അനുസരിച്ച് നമ്മുടെ മെമ്പർമാർ ഇൻഷുറൻസ് ബിസിനസ്സ് ചെയ്യേണ്ടതില്ല. അതു കൊണ്ടു തന്നെ ഇപ്പോൾ പുറത്തിറക്കിയ കമ്യൂണിക്കേഷൻ, സർക്കുലർ ലെറ്റർ നമ്പർ 53/2022, കടലാസ് രൂപത്തിൽ തന്നെ കിടക്കും. ഒരു പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ ആർക്കും ബ്രാഞ്ചിലേക്ക് വരികയും പോവുകയും ചെയ്യാം, ബ്രാഞ്ച് മാനേജരെ കാണാം, ജീവനക്കാരുടെ അനുവാദത്തോടെ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉപയോഗിക്കാം. അതിനൊക്കെ ഈ നാട്ടിലെ നിയമങ്ങൾ അനുവദിക്കുന്നുണ്ട് എന്നിരിക്കെ ഇത്തരം വങ്കത്തരങ്ങൾ സർക്കുലർ ലെറ്റർ വഴി ഇറക്കുക എന്നത് തന്നെ മണ്ടത്തരമാണ്. ഇനി ഇത് ദുർവ്യാഖ്യാനിച്ച് കൗണ്ടറിനകത്ത് ഏജന്റുമാരെ കയറ്റി ഇരുത്താനാണ് ഭാവമെങ്കിൽ അത് മാനേജ്മെന്റിന്റെ മനസ്സിൽ മാത്രം ഒതുക്കുകയെ നിവൃത്തിയുള്ളൂ. പല ഔദ്യോഗിക സ്വകാര്യങ്ങളും ബ്രാഞ്ചിലെ ജീവനക്കാർക്ക് മാനേജരോട് പല സമയങ്ങളിൽ പറയാനുണ്ടാകും. എന്നാൽ ക്യാബിനിൽ കുറ്റിയടിച്ച് ഇരിക്കുന്ന ഏജന്റ്മാർ പലപ്പോഴും ഇതിനു തടസ്സം നിൽക്കുകയാണ്. **ഇടപാടുകാരെ ക്യാൻവാസ് ചെയ്യാൻ സൗകര്യം ഒരുക്കിക്കൊടുക്കണം എന്നാണ് ഉത്തരവ്. മനസ്സില്ല എന്നാണ് ജീവനക്കാരുടെ മറുപടി.** IRDA exam ജീവനക്കാരെക്കൊണ്ട് എഴുതി പാസ്സ് ആക്കിക്കുന്നത്, ഇടപാടുകാരെ ക്യാൻവാസ് ചെയ്ത് ഇൻഷുറൻസ് ബിസിനസ്സിൽ ചേർക്കുക എന്ന ഉദ്ദേശത്തിലാണ്. നമ്മുടെ ഇടപാടുകാരെ ബ്രാഞ്ചിനകത്ത് ക്യാൻവാസ് ചെയ്യാൻ third patry ഏജന്റ്മാർക്ക് അവകാശമില്ല. ഇല്ലാത്ത അവകാശങ്ങൾ ഉണ്ടെന്നു സ്ഥാപിക്കാനും കേരള ഗ്രാമീണ ബാങ്ക് എന്ന മഹത്തായ സ്ഥാപനത്തിന്റെ സൽപ്പേര് നശിപ്പിച്ചു തങ്ങളുടെ സ്വാർത്ഥ താല്പര്യം നേടിയെടുക്കാനും ഒരാളെയും നാം അനുവദിക്കില്ല എന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വണ്ണം നാം ഇവിടെ പറഞ്ഞു വെക്കുകയാണ്. അത് കൊണ്ടു തന്നെ അനാവശ്യമായ പ്രസ്തുത സർക്കുലർ ലെറ്റർ ഉടൻ പിൻവലിക്കണം എന്ന് നാം GM നോട് ശക്തമായി ആവശ്യപ്പെട്ടിട്ടുമുണ്ട്. KGBEU, OU അംഗങ്ങളോട് മാത്രമല്ല ഈ ബാങ്കിലെ മുഴുവൻ ജീവനക്കാരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നത് നമ്മുടെ ഇടപാടുകാരെ വഞ്ചിച്ചു കൊണ്ടുള്ള ഒരു നടപടികൾക്കും നാം കൂട്ടുനിൽക്കരുത് എന്നാണ്. ഇൻഷുറൻസ് കമ്പനികളുടെ പ്രതിനിധികളായി വരുന്നവർ ഇടപാടുകാരെ ബന്ധപ്പെടുന്നത് ബാങ്ക് ജീവനക്കാർ എന്ന് പറഞ്ഞാണ് എന്നും അത് വിശ്വസിക്കുന്നതാണ് ഇടപാടുകാർ കൂട്ടത്തോടെ വഞ്ചിക്കപ്പെടുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് എന്നും അടുത്ത കാലത്ത് വന്ന പല പത്രവാർത്തകളും ശരിവെക്കുന്നു. ഇവർ ചിലപ്പോൾ മറ്റു ജോലി ലഭിക്കുകയും അവിടേക്ക് പോകുകയും ചെയ്യും. സ്പോൺസർ ബാങ്കിൽ നിന്ന് വരുന്ന മേധാവികൾ തിരിച്ച് അങ്ങോട്ടും പോകും. ഇടപാടുകാരോട് സമാധാനം പറയേണ്ടത് നമ്മളാണ്. നമ്മുടെ സ്ഥാപനമാണ്. അത് കൊണ്ടു തന്നെ എന്തു സമ്മർദ്ദമുണ്ടായാലും ഒരു ജീവനക്കാരനും അതിന് കൂട്ടുനിൽക്കരുതെന്ന് ഞങ്ങൾ ആവർത്തിച്ച് ആവശ്യപ്പെടുന്നു.

നമ്മുടെ നിലപാട് ശാഖകളിൽ പതിച്ച പോസ്റ്ററുകളിലുണ്ട്. ഇടപാടുകാരെ പല നിലയിൽ ശാഖകളിൽ നിന്ന് ആട്ടിയോടിക്കുന്ന മാനേജ്മെന്റാണ് നമ്മുടെത്. ***ആവർത്തിക്കുന്നു: ബാങ്ക് അഷ്വറൻസ് ബിസിനസ്സുമായി ഗ്രാമീണ ബാങ്കിലെ ജീവനക്കാർ ഒരു നിലയിലും സഹകരിക്കരുത്. നമ്മുടെ ജോലി ബാങ്കിംഗ് ബിസിനസ്സാണ്. നിക്ഷേപങ്ങൾ പരമാവധി സമാഹരിക്കുക, നിയമാനുസരണം വായ്പകൾ നൽകുക, വായ്പാ കുടിശിക പിരിച്ചെടുക്കുക ഇതൊക്കെയാണ് നമ്മുടെ ഉത്തരവാദിത്തം. മാനേജ്മെന്റിന്റെ കണ്ണുരുട്ടലുകൾക്ക് ഒരു വിലയും കല്പിക്കേണ്ടതില്ല.***

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184

karthe29.deviantart